നം. എം. 4/35117/2017/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി: 04.07.2017.
ഫോൺ: 0471 - 258 0595; msndpi@gmail.com.

# സർക്കുലർ

വിഷയം : പൊ.വി.വ. - ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് - സർക്കുലർ - സംബന്ധിച്ച് -

സൂചന : 29.04.2017 തീയതിയിലെ 6065/02/LA 1/2016/KeSCPCR നമ്പരിലെ ബാലാവകാശ കമ്മീഷൻ ഉത്തരവ്.

****************************

കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 29.04.2017 ലെ ഉത്തരവിൻ പ്രകാരം സ്കൂൾ ബസ്സുകൾ / വാഹനങ്ങൾ പാലിക്കേണ്ട വാഹന നിയമങ്ങളും സുരക്ഷാ മാനദണ്ഡങ്ങളും സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സ്കൂളുകളിൽ യാത്രാ സംവിധാനങ്ങൾ തരം തിരിച്ച് ഉണ്ടാക്കുന്ന ലിസ്റ്റിൽ വണ്ടികളുടെ നമ്പറും ഡ്രൈവറുടെ പേരും ലൈസൻസ് നമ്പരും കൂടി അധ്യാപക - രക്ഷാകർതൃ പ്രതിനിധികളടങ്ങിയ കമ്മിറ്റി ശേഖരിച്ച് രജിസ്റ്ററിൽ സൂക്ഷിക്കുവാനും മാറ്റങ്ങൾ ഉണ്ടാകുമ്പോൾ അത് കമ്മിറ്റിയെ അറിയിക്കേണ്ട ചുമതല ഓരോ രക്ഷകർത്താവിനും നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. ഒരു സ്കൂൾ വാഹനത്തിലും പെൺകുട്ടികൾ ഒരു സമയത്തും ഒറ്റയ്ക്കാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും അപ്രകാരമുള്ള വാഹനങ്ങളിൽ വനിതകളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്നും സ്കൂളിൽ നിന്ന് തിരിച്ചു വീട്ടിലേയ്ക്ക് അയയ്ക്കുമ്പോൾ ഒരു കാരണവശാലും നഴ്സറിയിൽ പഠിക്കുന്ന കുട്ടികൾ മറ്റു കുട്ടികൾ വരുന്നതിന് മുമ്പ് വാഹന ത്തിനുള്ളിൽ കാത്തിരിക്കാൻ ഇടയാകരുതെന്നും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ എല്ലാ സ്കൂൾ അധികൃതർക്കും അടിയന്തിരമായി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

ജിമ്മി കെ ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

പകർപ്പ്:

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ / പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) / പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ - സി.എ. മുഖേന.
2. സ്റ്റോക്ക് ഫയൽ.